പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1934 26-10-2026-ൽ മറുപടിയ്ക്ക്

വടശ്ശേരിക്കരയിൽ ശബരിമല തീർത്ഥാടന പിൽഗ്രിം സെന്റർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പഴകുളം മധു

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ശബരിമല തീർത്ഥാടന തിരക്ക് നിയന്ത്രിച്ച് സുഗമമാക്കാനും തീർഥാടകർക്ക് വിരിവെക്കാനും വിശ്രമിക്കാനും ഉപകാരപ്പെടുന്നവിധത്തിൽ വടശ്ശേരിക്കരയിൽ പിൽഗ്രിം സെന്റർ തുറക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ;

മറുപടി: വടശ്ശേരിക്കരയിൽ പിൽഗ്രിം സെന്റർ തുറക്കുന്ന വിഷയം നിലവിൽ ദേവസ്വം ബോർഡിന്റെ പരിഗണനയിൽ ഇല്ലാത്തതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

എന്നിരുന്നാലും പത്തനംതിട്ട ഭാഗത്തുനിന്നും പമ്പയിലേക്കുള്ള തീർത്ഥാടന പാതയിലെ ഒരു പ്രധാന കേന്ദ്രമാണ് വടശ്ശേരിക്കര എന്നത് കണക്കിലെടുത്ത്, അയ്യപ്പ ഭക്തരുടെ സൗകര്യാർത്ഥം വടശ്ശേരിക്കരയിൽ പിൽഗ്രിം സെന്റർ സ്ഥാപിക്കുന്നതിന് വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ നിന്നോ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നോ മറ്റ് ബന്ധപ്പെട്ട ഏജൻസികളിൽ നിന്നോ പ്രൊപ്പോസൽ ലഭിക്കുന്ന പക്ഷം അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യത ഉൾപ്പെടെ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ